**<u>പടിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ M/s. C-Shore Eco Park എന്ന സ്ഥാപനത്തിലെ കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടിക്ക് പഞ്ചായത്ത് സെക്രട്ടറി വീഴ്ച വരുത്തുന്നുവെന്നാരോപിച്ച് സ്ഥാപന സംരംഭകരായ ശ്രീ. മുഹമ്മദ് അലി & ശ്രീ.നിഷാദ് എന്നവർ സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് പോർട്ടലിൽ 06-01-2025 ന് നൽകിയ ഡോക്കറ്റ് നമ്പർ: BPTCR40780000026 പരാതിയിൽ പഞ്ചായത്ത് സെക്രട്ടറിയെയും അസിസ്റ്റന്റ് എൻജിനീയറെയും നേരിൽ കേട്ടും 23-04-25, 26-04-25 തീയതികളിൽ സ്ഥലപരിശോധന നടത്തിയും ഫയലും രേഖകളും പരിശോധിച്ചും അദാലത്ത് കമ്മിറ്റി തയ്യാറാക്കുന്ന റിപ്പോർട്ട്.</u>**

പടിയൂർ ഗ്രാമ പഞ്ചായത്ത് 13-ാം വാർഡിൽ എടത്തിരിഞ്ഞി വില്ലേജിൽ C-Shore Eco Park എന്ന സ്ഥാപനം ആരംഭിക്കുന്നതിലേക്കായി 2 ഫയലുകളായി (1) (400727/66 R105/6A/2022/, (2) 400727/BRASOI/6A/2023) ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനും Cattle Farm, Chicken Farm തുടങ്ങിയ ബിൽഡിംഗുകൾ റെഗുലറൈസ് ചെയ്യുന്നതിനുമായി പടിയൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകുകയും ടി അപേക്ഷ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിക്കുകയും റിപ്പോർട്ട് നൽകിയതനുസരിച്ച് ഫയർ NOC, PCB NOC എന്നിവ നൽകുകയും ചെയ്തിട്ടുള്ളതാണെന്നും കൂടാതെ PWD മെക്കാനിക്കൽ ഡിവിഷനിൽ നിന്ന് പാർക്കിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈഡുകൾക്ക് മുൻകൂറായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വേണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് അമ്യൂസ്മെന്റ് പാർക്കുകൾക്ക് ഫിറ്റ്നസ് ആവശ്യമാണെന്നുള്ള ഉത്തരവ് നിലവിലില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കില്ല എന്നുള്ള കത്തും ഹാജരാക്കിയിട്ടുള്ളതാണെന്നും 2022 ൽ അപേക്ഷ നൽകിയിട്ടും ബിൽഡിംഗ് പെർമിറ്റ് റെഗുലറൈസ് ചെയ്യുന്നതിനായുള്ള എല്ലാ രേഖകളും ഹാജരാക്കിയിട്ടും നാളിതുവരെ പെർമിറ്റ് നൽകിയിട്ടില്ലാത്തതിനാൽ ടി പെർമിറ്റ് ലഭിക്കുന്നതിനു വേണ്ട നടപടികൾ ഉണ്ടാക്കണമെന്നും അകാരണമായി പെർമിറ്റ് ലഭിക്കുന്നതിന് വീഴ്ച വരുത്തുന്ന പഞ്ചായത്ത് സെക്രട്ടറിക്ക് എതിരായി ഉചിതമായ നടപടി ഉണ്ടാകണമെന്നും അപേക്ഷിച്ചു കൊണ്ട് 06.01.2025 ൽ ശ്രീ.മുഹമ്മദ് അലി, നിഷാദ് എന്നവർ ബഹു. തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർക്ക് പരാതി സമർപ്പിച്ചിരുന്നു.

ബഹു. തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർക്ക് ലഭിച്ച ടി പരാതി സിറ്റിസൺ അസിസ്റ്റന്റ് പോർട്ടൽ ജില്ലാ അദാലത്ത് കൺവീനറായ അസിസ്റ്റന്റ് ഡയറക്ടർ, ഉപജില്ലാ അദാലത്ത് 4 പോർട്ടലിലേക്ക് കൈമാറി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉപജില്ലാ അദാലത്ത് കമ്മിറ്റി 18.01.2025 തിയ്യതി യോഗം ചേരുകയും പരാതി ചർച്ച നടത്തുകയും ചെയ്തു. 2 വർഷത്തിലേറയായി അപേക്ഷ നൽകിയിട്ടും പെർമിറ്റ്/ റെഗുലറൈസ് ചെയ്യുന്നതിനായുള്ള എല്ലാ രേഖകളും ഹാജരാക്കിയിട്ടും നാളിതുവരെ ഞങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടില്ലെന്നും അകാരണമായി പെർമിറ്റ് ലഭിക്കുന്നതിന് വീഴ്ച വരുത്തുന്ന പഞ്ചായത്ത് സെക്രട്ടറിക്ക് എതിരെ നടപടി ഉണ്ടാകണമെന്നുമാണ് അപേക്ഷകൻ

പരാതിയിൽ ആവശ്യപ്പെട്ടിരുന്നത്. പരാതിയുടെ ഗൗരവം പരിഗണിച്ച് 2 വർഷത്തിലേറെയുള്ള പെർമിറ്റ് നൽകുന്നതിലെ കാല താമസം ഗൗരവമായി പരിഗണിച്ച് പെർമിറ്റിന് കാലതാമസം വരുത്തുന്നതിനോട് സെക്രട്ടറിയോട് വിശദീകരണം ചോദിക്കുന്നതിനും പഞ്ചായത്തിലെ നിലവിലെ ഫയൽ രേഖകൾ പരിശോധിക്കുന്നതിനുമാണ് 18-01-2025 ലെ ഉപജില്ലാഅദാലത്ത് കമ്മിറ്റി തീരുമാനം എടുത്തത്. ആയതിന്റെ അടിസ്ഥാനത്തിൽ ഉപജില്ലാഅദാലത്ത് കമ്മിറ്റിക്ക് വേണ്ടി അദാലത്ത് കമ്മിറ്റി ചുമതലപ്പെടുത്തിയത് പ്രകാരം ഇന്റേണൽ വിജിലൻസ് ഓഫീസർ 23.01.2025 തിയ്യതി പഞ്ചായത്ത് കാര്യാലയത്തിൽ ചെന്നു. പഞ്ചായത്ത് സെക്രട്ടറിയും, അസിസ്റ്റന്റ് എഞ്ചിനീയറും ഹാജരുണ്ടായിരുന്നു. ചുവടെ ചേർക്കുന്ന ഫയലുകൾ പരിശോധിച്ചു.

1. File No. 400727/BRAS01/GA/2023/6387 (SC3-6387/23 dtd. 05-12-2023)—NISAM AND MOHAMED ALI---Regularization of 5 buildings and permit for 1 building in 22065m2 land in survey Nos. 439/ 12, 14, 17, 18, 21,22,23, 24, 26, 28, 29.
2. File No. 400727/BRAS01/GA/2023/6396 (SC3 6396/23 dtd. 05-12-2023)—NISHAD, HUSSAIN, SUHARA, NISSAM—Regularization of 8 buildings in 46123m2 land in survey nos. 439/ 2, 9, 31, 33, 34, 36, 39, 42, 43, 44, 45, 50, 52, 54, 55, 57, 59, 60, 61, 62, 441

05-12-2023 തീയതിയാണ് ടി ഫയൽ അപേക്ഷകൾ പഞ്ചായത്ത് കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളത്. ആയത് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച് 18-12-2023 തീയതി ഫയലിൽ റിപ്പോർട്ട് എഴുതിയിട്ടുണ്ട്. വിവിധ സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് പണികഴിഞ്ഞു ക്രമവത്കരിക്കാനായി ലഭിച്ചിട്ടുള്ള മേൽ അപേക്ഷകൾ Seashore Nursery Park എന്ന ഒറ്റ സ്ഥാപനമായാണ് പ്രവർത്തിച്ചുവരുന്നതെന്നും പുതുതായി പണിയാൻ പോകുന്ന കെട്ടിടവും ഈ സ്ഥാപനത്തിന്റെ ഭാഗമായി തന്നെയാണ് പ്രവർത്തിക്കാൻ പോകുന്നതെന്നാണ് മനസ്സിലാക്കുന്നതെന്നും ആയതിനാൽ ഈ അപേക്ഷകൾ രണ്ടു വ്യത്യസ്ത അപേക്ഷകളായി പരിഗണിക്കാൻ സാധിക്കുമോയെന്ന് വ്യക്തത വരുത്തുന്നതിന് ജില്ലാ ടൌൺപ്ലാനറിൽ നിന്നും മറുപടി ലഭ്യമാക്കാമെന്നുമാണ് അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

പ്ലാനുകൾ പ്രകാരം 2 വ്യത്യസ്ത പ്ലോട്ടുകളാണെന്നും ഓരോ പ്ലോട്ടിലേക്കും വ്യത്യസ്തമായ പൊതു പ്രവേശനമാർഗ്ഗം രേഖപ്പെടുത്തിയതായും കാണുന്നുവെന്നും ആയത് രേഖകൾ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയും പ്ലോട്ടുകൾ തമ്മിൽ ഇന്റേണൽ റോഡ്, കെട്ടിങ്ങൾ മുഖേന പരസ്പം ബന്ധമില്ലെന്നും പ്ലോട്ടുകളുടെ അതിർത്തി വേർ തിരിച്ചിട്ടുണ്ടന്നും പരിശോധിച്ച് ഉറപ്പാക്കിയും KPBR 2019 Rule 3, 9(2), 6(16), 30 TABLE 11 പ്രകാരം സെക്രട്ടറിക്ക് തുടർനടപടികൾ സ്വീകരിക്കാമെന്നാണ് ടൌൺപ്ലാനർ 14-02-2024 തീയതി മറുപടി നൽകിയത്. തുടർന്ന് പ്ലാൻ സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിന് 28-03-2024 തീയതി അപേക്ഷകന്

സെക്രട്ടറി കത്ത് നൽകി. അപാകതകൾ പരിഹരിച്ച് 20-4-2024 തീയതി അപേക്ഷകൻ പ്ലാൻ പുനസമർപ്പിച്ചു.

File No. 400727/BRAS01/GA/2023/6387 ഫയലിൽ അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച് 30-04-2024 തീയതി റിപ്പോർട്ട് നൽകി. അപേക്ഷകൻ ന്യൂനതകൾ എല്ലാം തന്നെ പരിഹരിച്ചിട്ടുണ്ടെന്നും ജില്ലാ ടൌൺപ്ലാനറുടെ മറുപടിയിലെ നിബന്ധനകൾ കർശനമായി പാലിക്കാൻ അപേക്ഷകന് നിർദ്ദേശം നൽകാവുന്നതാണെന്നും Rule 5(4)—Table 12(ii)—Fire NOC ഹാജരാക്കിയതിന് ശേഷം പുതുതായി കെട്ടിടം പണിയുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്നും മറ്റ് 5 കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് മുമ്പായി പ്ലാൻ പ്രകാരമുള്ള എല്ലാ സൌകര്യങ്ങളും ഒരുക്കണമെന്ന് അപേക്ഷകനെ അറിയിക്കാവുന്നതാണെന്നും അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് ചെയ്ത പ്രകാരം അപേക്ഷകന് കത്ത് നൽകി. തുടർന്ന് 29-10-2024 തീയതി അപേക്ഷകൻ ഫയർ NOC ഹാജരാക്കി. ആയത് പരിശോധിച്ച് പ്ലാനിലെ പി.ബി.06 എന്ന് അടയാളപ്പെടുത്തിയ ഗ്രൂപ്പ് ഡി. യിൽ വരുന്ന 448.68 ചതുരശ്രമീറ്റർ വിസ്തീർണ്ണം വരുന്ന ഓഡിറ്റോറിയത്തിന് നിർമ്മാണ അനുമതി നൽകാവുന്നതാണെന്ന് അസിസ്റ്റന്റ് എൻജിനീയർ ശിപാർശ ചെയ്തു. മറ്റ് 5 കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് മുമ്പായി അംഗീകരിച്ച പ്ലാനിലുള്ള പുതിയ പാലങ്ങളും പ്രവേശന മാർഗ്ഗവും കൂടുതലായി ഉൾപ്പെടുത്തേണ്ട സാനിറ്റേഷൻ സൌകര്യങ്ങളും ഒരുക്കുന്നതിന് അനുമതി നൽകാമെന്നും അസിസ്റ്റന്റ് എൻജിനീയർ 06-11-2024 തീയതി ശിപാർശ ചെയ്തു. എന്നാൽ അസിസ്റ്റന്റ് എൻജിനീയറുടെ ശിപാർശ പ്രകാരമുള്ള നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തി.

File No. 400727/BRAS01/GA/2023/6396 ഫയലിൽ അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച് 30-04-2024 തീയതി റിപ്പോർട്ട് നൽകി. തുടർന്ന് അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ 05-11-2024 തീയതി അപേക്ഷകൻ ഹാജരാക്കി. ആയതിന് 08-11-2024 തീയതി അസിസ്റ്റന്റ് എൻജിനീയർ ഫയൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിലവിൽ പണി പൂർത്തീകരിച്ചിരിക്കുന്ന 8 കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് മുന്നോടിയായി KPBR 2019 ചട്ട പ്രകാരമുള്ള സൌകര്യങ്ങൾ അവിടെ ഒരുക്കേണ്ടതുണ്ടെന്നും ആയത് ഒരുക്കുന്നതിനുള്ള അനുമതിക്കായും ആയത് ഒരുക്കിയാൽ ടി കെട്ടിടങ്ങൾ ക്രമവത്കരിച്ചു ലഭിക്കുമോയെന്ന് പരിശോധിക്കുന്നതിനു വേണ്ടിയാണ് ഈ അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നുമാണ് അസിസ്റ്റന്റ് എൻജിനീയർ പറഞ്ഞിട്ടുള്ളത്. കൂടാതെ പ്ലാനിലുള്ള പ്രകാരം പുതിയ പാലങ്ങളും പ്രവേശന മാർഗ്ഗവും കൂടുതലായി ഉൾപ്പെടുത്തേണ്ട സാനിറ്റേഷൻ സൌകര്യങ്ങളും മറ്റു സൌകര്യങ്ങളും ഒരുക്കിയ ശേഷം കെട്ടിടങ്ങൾ ക്രമവത്കരിച്ചു നൽകാവുന്നതാണെന്നും ടി കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച് ജില്ലാ ടൌൺപ്ലാനർ നൽകിയ മറുപടി കത്തിൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് 8 കെട്ടിടങ്ങൾ

ക്രമവത്കരിച്ചു ലഭിക്കുന്നതിന് വേണ്ടിയുള്ള സൌകര്യങ്ങൾ ഒരുക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്നും അസിസ്റ്റന്റ് എൻജിനീയർ 08-11-2024 തീയതി ശിപാർശ ചെയ്തു. എന്നാൽ അസിസ്റ്റന്റ് എൻജിനീയറുടെ ശിപാർശ പ്രകാരമുള്ള നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തി.

അപേക്ഷയിൽ തുടർനടപടി സ്വീകരിക്കാതിരിക്കുകയും അപേക്ഷകന് മറുപടി നൽകാതെ വളരെയേറെ കാലതാമസം വരികയും ചെയ്ത സാഹചര്യത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർക്ക് ശ്രീ. മുഹമ്മദാലി, ശ്രീ. നിഷാദ് എന്നവർ 06-01-2025 തീയതി പരാതി നൽകി. വീഴ്ച വരുത്തുന്ന പഞ്ചായത്ത് സെക്രട്ടറിക്ക് എതിരായി ഉചിതമായ നടപടി ഉണ്ടാകണമെന്നാണ് ആവശ്യപ്പെട്ടത്. തുടർന്ന് ടി വിഷയത്തിൽ **പഞ്ചായത്ത് സെക്രട്ടറിയെ ജോയിന്റ് ഡയറക്ടർ കാര്യാലയത്തിലേക്ക് ജോയിന്റ് ഡയറക്ടർ വിളിച്ചുവരുത്തി.** അപേക്ഷ പരിശോധിച്ച് പെർമിറ്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ജോയിന്റ് ഡയറക്ടർ നിർദ്ദേശിച്ചതായി സെക്രട്ടറി പറയുന്നു. ശേഷം പരാതിയിൽ അന്വേഷണം നടത്താൻ ജില്ലാ അദാലത്ത് കമ്മിറ്റി കൺവീനർ പരാതി ഉപജില്ലാ അദാലത്ത് കമ്മിറ്റിക്ക് കൈമാറി. അസിസ്റ്റൻ്റ് എൻജിനീയർ ശിപാർശ ചെയ്ത രണ്ടു ഫയലുകളും 80 ദിവസത്തോളം നടപടി ചെയ്യാതെ കാലതാമസം വരുത്തിയതിന്റെ കാരണം ജോയിന്റ് ഡയറക്ടർ മുമ്പാകെയോ 23-01-2025 തീയതി പഞ്ചായത്തിൽ ഉപജില്ലാ അദാലത്ത് കമ്മിറ്റിക്ക് വേണ്ടി പരിശോധനക്ക് ചെന്ന ഇന്റേണൽ വിജിലൻസ് ഓഫീസർ മുമ്പാകെയോ ബോധിപ്പിക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് കഴിഞ്ഞില്ല. അസിസ്റ്റന്റ് എൻജിനീയറുടെ ശിപാർശ പ്രകാരമുള്ള അനുമതി നൽകാതിരിക്കാനുള്ള നിയമതടസ്സം എന്താണെന്നും സെക്രട്ടറിക്ക് പറയാൻ കഴിഞ്ഞില്ല. എന്നാൽ 4 ദിവസത്തിന് ശേഷം പഞ്ചായത്ത് സെക്രട്ടറി റഗുലറൈസേഷൻ പെർമിറ്റ് അനുവദിച്ച്കൊണ്ട് 27-01-2025 തീയതി 6387/23 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ പാലങ്ങളും പ്രവേശന മാർഗ്ഗവും കൂടുതലായി ഉൾപ്പെടുത്തേണ്ട സാനിറ്റേഷൻ സൌകര്യങ്ങളും ഒരുക്കുന്നതിന് അനുമതി നൽകാമെന്ന അസിസ്റ്റന്റ് എൻജിനീയറുടെ ശിപാർശക്കും അപേക്ഷകരുടെ 06-01-2025 ലെ പരാതിയും ജോയിന്റ് ഡയറക്ടറുടെയും ഉപജില്ലാ അദാലത്ത് കമ്മിറ്റിയുടെയും പരിശോധനക്ക് ശേഷവുമാണ് റഗുലറൈസേഷൻ പെർമിറ്റ് അനുവദിച്ച് സെക്രട്ടറി ഉത്തരവാക്കിയത്.

**ടി ഉത്തരവിൽ ലൈസൻസ് അപേക്ഷ പരിഗണിക്കുന്നതിന് ആവശ്യമായ രേഖകളും ബന്ധപ്പെട്ട വകുപ്പുകളുടെ NOC യും അപേക്ഷകൻ ഹാജരാക്കിയിട്ടില്ലെന്ന് സെക്രട്ടറി പറയുന്നുണ്ട്.** G.O (Rt) NO.1559/2020/LSGD, Dated. 20.08.2020 ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്നും സെക്രട്ടറി പറയുന്നുണ്ട്. ലൈസൻസ് വ്യവസ്ഥകൾ പാലിക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനുമാണ്. പ്ലാൻ പ്രകാരമുള്ള മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കേണ്ടതും കൂടാതെ പുതിയ പാലങ്ങളും

പ്രവേശന മാർഗ്ഗവും കൂടുതലായി ഉൾപ്പെടുത്തേണ്ട സാനിറ്ററി സൗകര്യങ്ങൾ ഒരുക്കേണ്ടതാണെന്നുമുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും കൂടാതെ അമ്യൂസ്മെന്റ് റൈഡുകൾ പ്രവർത്തിപ്പിക്കുന്നതിന് ബഹു.കേരള ഹൈക്കോടതിയുടെ WP(C) നമ്പർ 5673/2017 തിയ്യതി 28.02.2019 നമ്പർ കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിലും GO-(Rt) No 1559/2020 LSGD, തിയ്യതി 20.08.2020 നമ്പറായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവും അനുബന്ധമായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും പാലിക്കേണ്ടതാണെന്നും മേൽ പ്രകാരം ടി ഉത്തരവിൽ ആവശ്യപ്പെട്ടിട്ടുള്ളതോ പാലിക്കേണ്ടതോ ആയി പരാമർശിച്ചിട്ടുള്ള എല്ലാ നടപടികളും വ്യവസ്ഥകളും സ്വീകരിക്കേണ്ടതും നടപ്പാക്കേണ്ടതുമാണെന്നും മേൽ പ്രകാരമുള്ള എല്ലാ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് റഗുലറൈസേഷൻ പെർമിറ്റ് അനുവദിച്ച് 27-01-2025 തീയതി പഞ്ചായത്ത് സെക്രട്ടറി ഉത്തരവായിട്ടുള്ളതാണ്.

പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവിൽ പറയുന്ന പ്രകാരം പ്ലാൻ പ്രാകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും പുതിയ പാലങ്ങളും പ്രവേശന മാർഗ്ഗങ്ങളും സാനിറ്ററി സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും അദാലത്ത് കമ്മിറ്റി പരിശോധിച്ചു. അസിസ്റ്റന്റ് എൻജിനീയർ, പഞ്ചായത്ത് സെക്രട്ടറിക്ക് വേണ്ടി ജൂനിയർ സൂപ്രണ്ട് എന്നിവർ 23-04-2025 തീയതിയിലെ പരിശോധനക്ക് അദാലത്ത് കമ്മിറ്റി അംഗങ്ങളോടൊപ്പം കൂടെയുണ്ടായിരുന്നു. പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ എന്നിവർ 26-04-2025 തീയതിയിലെ പരിശോധനക്കും ഹാജരുണ്ടായിരുന്നു. സമർപ്പിച്ച പ്ലാൻ പ്രകാരം Completed Ride Building (Land Mark-ചൂണ്ടയിട്ടിരിക്കുന്ന മനുഷ്യ പ്രതിമ) നിന്നും Connect ചെയ്യുന്ന Proposed Bridge, Internal വഴിയിൽ നിന്നും (Land mark- കങ്കാരുവിന്റെ പ്രതിമ) Canteen, Dining Hall എന്നിവിടങ്ങളിലേക്ക് Bridge എന്നിവ സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി. ലൈവ് സ്റ്റോക്ക് ഫാം, അമ്യൂസ്മെന്റ് റൈഡുകൾ എന്നിവ ലൈസൻസ് ഇല്ലാതെയും ബന്ധപ്പെട്ട അനുമതികൾ ഇല്ലാതെയും പ്രവർത്തിച്ചുവരുന്നതായി പരിശോധന സമയത്ത് കാണപ്പെട്ടു. ലൈവ്സ്റ്റോക്കുകളെ സുരക്ഷിതമായും പകർച്ചവ്യാധി പ്രതിരോധ സാഹചര്യത്തിലും പരിപാലിച്ചു പോകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാനും രേഖകൾ ഹാജരാക്കാനും സ്ഥല ഉടമക്കും നടത്തിപ്പുകാരനും കഴിഞ്ഞിട്ടില്ല. കൂടാതെ ഹോസ്റ്റൽ ബിൽഡിംഗ്, സെക്യൂരിറ്റി കാബിൻ മുതലായ പഞ്ചായത്ത് അനുമതിയില്ലാതെ പൂർത്തീകരിച്ചിരിക്കുന്ന എക്കോപാർക്ക് കോമ്പൌണ്ടിലെ എല്ലാ കെട്ടിടങ്ങൾക്കും അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ ചട്ടപ്രകാരമുള്ള നികുതി ചുമത്താനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കൂടാതെ പ്ലാനുകൾ പ്രകാരം 2 വ്യത്യസ്ത പ്ലോട്ടുകളാണെന്നും ഓരോ പ്ലോട്ടിലേക്കും വ്യത്യസ്തമായ പൊതു പ്രവേശനമാർഗ്ഗം രേഖപ്പെടുത്തിയതായും കാണുന്നുവെന്നും ആയത് രേഖകൾ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയും പ്ലോട്ടുകൾ തമ്മിൽ ഇന്റേണൽ റോഡ്,

കെട്ടിങ്ങൾ മുഖേന പരസ്പം ബന്ധമില്ലെന്നും പ്ലോട്ടുകളുടെ അതിർത്തി വേർ തിരിച്ചിട്ടുണ്ടന്നും പരിശോധിച്ച് ഉറപ്പാക്കിയും KPBR 2019 Rule 3, 9(2), 6(16), 30 TABLE 11 പ്രകാരം സെക്രട്ടറിക്ക് തുടർനടപടികൾ സ്വീകരിക്കാമെന്നാണ് ടൌൺപ്ലാനർ 14-02-2024 തീയതി മറുപടി നൽകിയത്. ജില്ലാ ടൌൺപ്ലാനർ നിർദ്ദേശിച്ച വ്യവസ്ഥകൾ പ്ലോട്ടിൽ പാലിക്കപ്പെട്ടതായി ബോധ്യപ്പെടുത്തി നൽകാൻ അപേക്ഷകർക്കോ, പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർക്കോ സാധിച്ചില്ല.

മേൽ പ്രകാരമുള്ള വീഴ്ചകളിൽ നിയമാനുസൃത നടപടി സ്വീകരിക്കാതെ പോകുന്നത് പഞ്ചായത്തിന്റെ വീഴ്ചയാണ്. ജില്ലാ ടൌൺപ്ലാനർ നിർദ്ദേശിച്ച വ്യവസ്ഥകൾ ഉൾപ്പെടെ മേൽ പരാമർശിക്കപ്പെട്ട വീഴ്ചകൾക്ക് എതിരെ ഉടൻ തന്നെ നടപടി സ്വീകരിച്ച് വിശദായ റിപ്പോർട്ട് ജോയിന്റ് ഡയറക്ടർക്ക് നൽകാൻ നിലവിലെ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടുകൊണ്ട് **BPTCR40780000026** പരാതി തീർപ്പാക്കുന്നു.

തൃശൂർ
26-04-2025

മുഹമ്മദ് അനസ് കെ.എം.
കൺവീനർ,
സ്ഥിരം അദാലത്ത് -4 കമ്മിറ്റിക്ക് വേണ്ടി